# മധുരമായ കുട്ടികളേ - ഈ ലോകത്തില്‍ നിന്ന് മരിക്കുന്നതിനായി നിങ്ങള്‍ ബാബയുടേതായിരിക്കുകയാണ്. അന്ത്യസമയത്ത് ഒരേ ഒരു ബാബയുടേതല്ലാതെ മറ്റാരുടെയും ഓര്‍മ്മ ഉണ്ടാകാതിരിക്കാന്‍ തന്റെ അവസ്ഥയെ ഉറച്ചതാക്കൂ.

**ചോദ്യം:-** ഇപ്പോള്‍ ലോകം മുഴുവന്‍ പിടിച്ചിരിക്കുന്ന ഏറ്റവും ശക്തമായ തീ ഏതാണ്, അതിനെ അണയ്ക്കുന്നതിനുള്ള വിധി പറയൂ?

**ഉത്തരം:-** ഇപ്പോള്‍ ലോകം മുഴുവന്‍ പിടിച്ചിരിക്കുന്ന ശക്തമായ തീ "കാമ"ത്തിന്റേതാണ്. ഈ തീ അണയ്ക്കുവാനുള്ള മാര്‍ഗ്ഗം ആത്മീയ ദൗത്യം ഒന്നുമാത്രമാണ്. ഇതിനുവേണ്ടി സ്വയം അഗ്നിശമന സേനാംഗമാകണം. യോഗബലത്തിലൂടെയല്ലാതെ ഈ തീ അണയ്ക്കുവാന്‍ സാധിക്കില്ല. കാമവികാരമാണ് സര്‍വ്വരുടെയും സത്യനാശം ചെയ്യുന്നത്. അതുകൊണ്ട് ഈ ഭൂതത്തെ ഓടിക്കുവാനുള്ള പൂര്‍ണ്ണ പുരുഷാര്‍ത്ഥം ചെയ്യൂ.

**ഗീതം:-** സഭയില്‍ ദീപം തെളിഞ്ഞു ശലഭങ്ങള്‍ക്കായി.....

**ഓം ശാന്തി**. നല്ല നല്ല സര്‍വ്വീസബിള്‍ ആയ കുട്ടികള്‍ ഈ ഗീതത്തിന്റെ അര്‍ത്ഥത്തെ നല്ല രീതിയില്‍ മനസ്സിലാക്കും. ഈ ഗീതം കേള്‍ക്കുന്നതിലൂടെ മുഴുവന്‍ സൃഷ്ടി ചക്രം, രചയിതാവ്, രചന ഇവയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയാന്‍ സാധിക്കുന്നു. മനുഷ്യര്‍ മനസിലാക്കാന്‍ വേണ്ടിയാണ് ഗീതം വയ്ക്കുന്നത്. ആരിലൂടെ? ജ്ഞാനസാഗരനിലൂടെ. ഈ പഴയ ലോകത്തില്‍ നിന്ന് മരിച്ച് തന്റെ പരംധാമത്തിലേക്ക് പോകുന്നതിനുവേണ്ടി നാം ബാബയുടേതായിരിക്കുകയാണെന്ന് കുട്ടികള്‍ക്കറിയാം. ഒരേ ഒരു ബാബയ്ക്കല്ലാതെ മറ്റാര്‍ക്കും ഈ പുരുഷാര്‍ത്ഥം ചെയ്യിപ്പിക്കാന്‍ സാധിക്കില്ല. ബാബ പറയുന്നു, എന്റേതാകുന്നതിലൂടെ നിങ്ങള്‍ ഈ ലോകത്തില്‍ നിന്ന് മരിക്കേണ്ടി വരും. ഈ അവസ്ഥ ഉറച്ചതായിരിക്കണം അവസാനസമയത്ത് ഒരേ ഒരു ബാബയെ അല്ലാതെ മറ്റാരെയും ഓര്‍മ്മ വരാന്‍ പാടില്ല. ദീപം വന്നിരിക്കുകയാണ് ശലഭങ്ങളെ കൂടെ കൂട്ടിക്കൊണ്ട് പോകുവാന്‍ എന്ന് നിങ്ങള്‍ കുട്ടികള്‍ക്കറിയാം. ശലഭങ്ങള്‍ അനേകമുണ്ട്. നോക്കൂ, പ്രദര്‍ശിനിയില്‍ എത്ര പേരാണ് വരുന്നത്. പ്രദര്‍ശിനിയുടെ അര്‍ത്ഥം എന്താണെന്ന് പോലും അറിയാത്ത കുട്ടികളുണ്ട്. പഴയ ലോകത്തെ വീണ്ടും പുതിയ ലോകമാക്കുന്ന പ്രദര്‍ശിനിയാണ്. എങ്ങനെയാണ് പഴയ ലോകത്തിന്റെ വിനാശം സംഭവിച്ച് പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാകുന്നത്. ഇത് സംഗമത്തിലാണ് കാണിക്കുന്നത്. രണ്ടും ഒന്നിച്ചുണ്ടാവുകയില്ല. തീര്‍ച്ചയായും ഒന്ന് ഇല്ലാതാകണം. നിങ്ങളില്‍ നല്ല നല്ല കുട്ടികള്‍ക്ക് ഇതറിയാം. രാമരാജ്യം അര്‍ത്ഥം പുതിയ ലോകം സ്ഥാപിക്കപ്പെടുന്നു. രാമരാജ്യം സ്ഥാപിക്കപ്പെട്ടതിനുശേഷം രാവണരാജ്യം ഇല്ലാതാകുന്നു. നിങ്ങള്‍ രാമരാജ്യത്തിലെ അംഗമാകുന്നു എങ്കില്‍ നിങ്ങളില്‍ ഒരു ഭൂതവും ഉണ്ടാകാന്‍ പാടില്ല. ഭൂതങ്ങളെ ഓടിക്കുവാന്‍ പരിശ്രമിക്കണം. ആദ്യമാദ്യം കാമാഗ്നിയെ അണയ്ക്കണം. തനിക്ക് വേണ്ടി അഗ്നിശമന സേനാംഗമാകണം. ഈ തീ ഏറ്റവും തീക്ഷ്ണവും ഏറ്റവും മോശമായതുമാണ്. ഇതിനെ യോഗബലത്തിലൂടെയല്ലാതെ അണയ്ക്കുവാന്‍ സാധിക്കില്ല. ഇതാണ് ലോകത്തിന് മുന്നിലുള്ള ചോദ്യ ചിഹ്നം. സര്‍വ്വരെയും കാമത്തിന്റെ അഗ്നി പിടികൂടിയിരിക്കുകയാണ്. ഈ അഗ്നിയെ അണയ്ക്കുവാനുള്ള ആത്മീയ ദൗത്യം ഒന്നുമാത്രമാണ്. ബാബയ്ക്ക് തീര്‍ച്ചയായും ഇവിടെ വരേണ്ടി വരുന്നു. ഹേ പതീതപാവനാ വരൂ... എന്ന് വിളിക്കുന്നുണ്ട്. കാമവികാരികളെയാണ് പതീതരെന്ന് പറയുന്നത്. ഹേ, കാമത്തിന്റെ തീ (ഭൂതം) യെ ഭസ്മമാക്കുന്നവനേ വരൂ. ഇവിടെ ഭൂരിപക്ഷവും പതീതരാണ്. ചിലര്‍ പവിത്രമായിരിക്കുന്നുണ്ട്. ഇതിനെ എങ്ങനെ അണയ്ക്കണമെന്ന് നിങ്ങള്‍ക്ക് യുക്തി പറഞ്ഞു തരുന്നു. ഈ കാമാഗ്നിയും സതോ രജോ, തമോയിലേക്ക് വരുന്നു. ആര്‍ക്കാണോ ഇതില്ലാതെ ഒട്ടും ഇരിക്കാന്‍ സാധിക്കാത്തത് അവരാണ് തമോപ്രധാനി. തീ പിടിച്ചുകൊണ്ടേയിരിക്കുന്നു. ഈ കാമവികാരമാണ് മനുഷ്യരുടെ സത്യനാശം ചെയ്യുന്നത്. സത്യയുഗത്തില്‍ ഒരു ശത്രുവും ഉണ്ടാകില്ല. അവിടെ രാവണന്‍ കാണില്ല, മനുഷ്യരുടെ ശത്രുക്കളുണ്ടാകില്ല. ഭാരതത്തിന്റെ ഏറ്റവും വലിയ ശത്രു രാവണനാണെന്ന് നിങ്ങള്‍ക്കറിയാം. കളികളെല്ലാം തന്നെ ഭാരതത്തിലാണ് ഉണ്ടാക്കിയിട്ടുള്ളത്. സത്യയുഗത്തില്‍ രാമരാജ്യം, കലിയുഗത്തില്‍ രാവണരാജ്യം. കാര്‍ട്ടൂണില്‍ കാണിച്ചിട്ടുണ്ട്- അവരും മനുഷ്യര്‍, ഇവരും മനുഷ്യര്‍. അങ്ങ് സര്‍വ്വഗുണസമ്പന്നമാണ്, ഞങ്ങള്‍ പാപികള്‍ ദുഃഖിതരാണ് എന്ന് ദേവതകളുടെ മുന്നില്‍ കൈകൂപ്പി നിന്ന് പറയുന്നു. തീര്‍ച്ചയായും ഈ ഭാരതം ശ്രേഷ്ഠാചാരി പാവനമായിരുന്നു. അവിടെ ദേവീദേവതകള്‍ രാജ്യം ഭരിച്ചിരുന്നു. ലക്ഷ്മി നാരായണന്റെയും രാമന്‍- സീതയുടെയും രാജ്യം ഉണ്ടായിരുന്നു. അവരുടെ കുലമുണ്ടായിരുന്നു. പ്രജകളുടെ ചിത്രം ഉണ്ടാക്കുകയില്ല. ഇപ്പോള്‍ ബാബ എത്ര സഹജമാക്കിയാണ് മനസിലാക്കി തരുന്നത്. മനസിലാക്കി തന്നിട്ട് ചോദിക്കുന്നു-ബുദ്ധിയില്‍ ധാരണ ഉണ്ടാ

കുന്നുണ്ടല്ലോ. എന്റെ ബുദ്ധിയിൽ ധാരണ ഉണ്ട്, വൃക്ഷം,ഡ്രാമയുടെ ജ്ഞാനം എനിക്കുണ്ട്. അതുകൊണ്ട് എന്നെ ജ്ഞാനസാഗരൻ എന്ന് വിളിക്കുന്നു. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം എന്നിലുണ്ട്. എന്നെ പവിത്രതയുടെ സാഗരമെന്നും പതീത പാവനനെന്നും വിളിക്കുന്നു. ഞാൻ വന്ന് ഭാരതത്തെ മുഴുവൻ പാവനമാക്കുന്നു. ഇത് രാജയോഗവും ജ്ഞാനവുമാണ്. വക്കീൽഭാഗം പഠിക്കുന്നതിനെ വക്കീൽ യോഗം എന്ന് വിളിക്കും, കാരണം ആ പഠിത്തത്തിലൂടെത്തന്നെയാണ് വക്കീലാകുന്നത്. ഈ ബാബ പറയുന്നു, നിങ്ങൾ കുട്ടികളെ വന്ന് രാജയോഗം പഠിപ്പിക്കുന്നു. രാജാക്കന്മാർ സർവ്വരും ഭഗവാനെയാണ് ഓർമ്മിക്കുന്നത്. ഭഗവവാനിൽ നിന്ന് എന്ത് ലഭിക്കും? തീർച്ചയായും സ്വർഗ്ഗമാകുന്ന ആസ്തി ലഭിക്കണം.

പരമപിതാ പരമാത്മാവിന്റെ പരിചയമുണ്ടോ? എന്ന് നിങ്ങൾ സർവ്വരോടും ചോദിക്കുന്നു. ആ ബാബ രചയിതാവാണ് എങ്കിൽ തീർച്ചയായും സ്വർഗ്ഗം രചിച്ചിട്ടുണ്ടാകും കൂടാതെ സ്വർഗരാജ്യാധികാരവും നല്കുന്നു, അത് നമ്മൾ കുട്ടികൾക്ക് ലഭിച്ചിരുന്നു. ഇപ്പോഴില്ല, വീണ്ടും നേടിക്കൊണ്ടിരിക്കുന്നു. കല്പം മുമ്പ് ഭാരതവാസികൾ നേടിയിരുന്നത് പോലെ ഇപ്പോൾ വീണ്ടും ഭാരതവാസികൾക്ക് നേടണം. നിങ്ങൾ കുട്ടികളും ചോദിക്കുന്നു(നാരദന്റെ ഉദാഹരണം)വൈകുണ്ഠത്തിലേക്ക് വരുമോ? ഭഗവാനിൽ നിന്ന് പുതിയ ലോകത്തിന്റെ ആസ്തി എടുക്കുമോ? ഭാരതത്തിന് തന്നെയാണ് ആസ്തി ലഭിച്ചിരുന്നത്, ഇപ്പോഴില്ല മാത്രമല്ല മറ്റാർക്കും ലഭിക്കുകയുമില്ല, കാരണം ഭാരതമാണ് ഭഗവാന്റെ ജൻമഭൂമി. നല്ല കാര്യങ്ങൾ തുടങ്ങുന്നത് ആദ്യം വീട്ടിൽ നിന്നാണ്, ഇവിടെയുള്ളവർക്ക് തന്നെയാണ് നല്കുന്നത്. എന്നാൽ വളരെയധികം കുട്ടികൾക്ക് മനസിലാക്കി കൊടുക്കാൻ സാധിക്കുന്നില്ല. വളരെയധികം കുട്ടികൾക്ക് സാക്ഷാത്കാരവും ചെയ്യിപ്പിക്കുന്നുണ്ട്. നിങ്ങൾ വൈകുണ്ഠത്തിന്റെ രാജകുമാരനും രാജകുമാരിയും ആകും എന്ന് കാണിച്ചു കൊടുത്തു. മനുഷ്യനിൽ നിന്നും രാജകുമാരനാകാനുള്ള പാഠശാല ആണ് ഇത്. രാജകുമാരനാകുക അല്ലെങ്കിൽ രാജാവാകുക എന്നത് ഒരേ കാര്യമാണ്. ബാബയുടെ ശ്രീമതമനുസരിച്ച് നടന്ന് പുരുഷാർത്ഥം ചെയ്യൂ. കൃഷ്ണനെ കാണുന്നത് മാത്രമൊന്നും വലിയ കാര്യമല്ല. ഇങ്ങനെ മുമ്പ് വളരെയധികം പേർ കണ്ടിരുന്നു. പിന്നെ ഓടിപ്പോയി. സാക്ഷാത്കാരം ലഭിച്ചു, പിന്നെ പഠിക്കുന്നില്ല, ഇങ്ങനെയാകുന്നില്ല. ഇത്ര പുരുഷാർത്ഥം ചെയ്യുന്നില്ല, കാരണം ഭൂതങ്ങളുടെ യുദ്ധമാണ്. ദേഹാഭിമാനത്തിന്റെ കടുത്ത ഭൂതമുണ്ട്. കളി പൂർണമാകാൻ പോകുന്നു എന്ന് ബുദ്ധിയിലുണ്ടായിരിക്കണം. ഞങ്ങൾ 84 ജന്മങ്ങളുടെ പാർട്ട് പൂർണമാക്കി. ഇപ്പോൾ ഞങ്ങൾ ഈ പഴയ വസ്ത്രം ഉപേക്ഷിക്കുന്നു, ഇത് മാത്രമെങ്കിലും ഓർമ്മിച്ചാൽ അഹോ ഭാഗ്യം, സന്തോഷത്തിന്റെ അളവ് കൂടിക്കൊണ്ടിരിക്കും. ഞങ്ങൾ ഇപ്പോൾ തിരിച്ച് മുക്തി ധാമത്തിലേക്ക് പോകുകയാണെന്നുള്ള കാര്യം ആരുടെയും ബുദ്ധിയിൽ ഇരിക്കില്ല. സന്ന്യാസികൾ പറയുന്നു, ഞങ്ങൾ ശരീരം ഉപേക്ഷിച്ച് ബ്രഹ്മത്തിൽ പോയി ലയിച്ച് ചേരും. എന്നാൽ തത്വത്തെ ഓർമിക്കുന്നതിലൂടെ വികർമ്മങ്ങൾ വിനാശമാകില്ല. അത്കൊണ്ട് എങ്ങനെ പോകാൻ സാധിക്കും. കൊണ്ട് പോകുന്നത് ഒരേ ഒരു രാമനാണ്, സർവകുട്ടികളേയും കൊണ്ട് പോകുന്നു. സ്വയം ആർക്കും പോകാൻ സാധിക്കില്ല. പുരുഷാർത്ഥം ചെയ്യുന്നുണ്ട്. കാരണം ഈ ലോകത്തിലിരിക്കുന്നത് നല്ലതായി തോന്നുന്നില്ല. ചിലർ പറയുന്നു– ഞങ്ങൾ ഈ നാടകത്തിൽ വരുന്നതേയില്ല. അനേകം മതമതാന്തരങ്ങളാണ്. ഗുരു ഗോസായി തുടങ്ങിയവർ കോടിക്കണക്കിനുണ്ട്. സർവ്വർക്കും തന്റേതായ അഭിപ്രായങ്ങളാണ്. നിങ്ങളുടെ ജ്ഞാനം വളരെ നല്ലതാണെന്ന് പറയുന്നുണ്ട്. എന്നാൽ വെളിയിൽ പോകുമ്പോൾ തീർന്നു. വളരെയധികം പേർ വരുന്നുണ്ട്. എന്നാൽ അവരുടെ ഭാഗ്യത്തിലില്ല. ഇത്ര വലിയ പദവി ഉപേക്ഷിച്ച് വരാൻ സാധ്യമല്ല. അത്കൊണ്ട് പാവപ്പെട്ടവരാണ് എടുക്കുന്നത്. ഇവിടെ വന്ന് കുട്ടി ആകണം. സന്ന്യാസികളായ ഗുരുക്കന്മാർക്ക് തന്റെ അനുയായികളെ ഉപേക്ഷിച്ച് വരുക എന്നത് വളരെ പ്രയാസമാണ്. ഇവിടെ പ്രവൃത്തിമാർഗമാണ്. പതി പത്നി രണ്ടുപേരും ഒരുമിച്ചിരിക്കുന്നു. നിശ്ചയബുദ്ധികളായ കുട്ടികളുടെ പരീക്ഷ പെട്ടെന്ന് ഇടുന്നു. കാണാം ഗുരുവിനെ ഉപേക്ഷിക്കുന്നുണ്ടോ എന്ന്. ബാബയുടേതാകണമല്ലോ. ബാബ ആർക്കുവേണമെങ്കിലും മനസിലാക്കി കൊടുക്കുവാനുള്ള സഹജമായ ഉപായം മനസിലാക്കി തരുന്നു. കേവലം ഇത് ചോദിക്കൂ, പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണ്? പരമാത്മാവ് തീർച്ചയായും മുക്തിയും ജീവൻമുക്തി നല്കും. മനുഷ്യൻ മനുഷ്യന് കൊടുക്കുവാൻ സാധിക്കില്ല. ബാബയിൽ നിന്നും ആസ്തിയെടുക്കുവാനായി വന്ന് പഠിക്കേണ്ടതായുണ്ട്, ശ്രീമത്ത് എന്താണോ പറയുന്നത് അത് ചെയ്യണം. ഏറ്റവും ആദ്യം നിശ്ചയബുദ്ധിയാകണം. പിന്നെ ശ്രീമത്ത് അനുസരിച്ച് നടക്കണം. ഏറ്റവും ആദ്യം ബാബയുടെ പരിചയം നല്കണം. വളരെയധികം പേർ വരുന്നുണ്ട്. ഇത് വളരെ നല്ല കാര്യമാണെന്ന് പറയുന്നു. എന്നാൽ സ്വയം അതിൽ നിലകൊള്ളുന്നില്ല, കേവലം തന്റെ അഭിപ്രായം നല്കിയിട്ട് പോകുന്നു. ഇവിടെ ആരുടെ മതമനുസരിച്ചാണ് നടക്കുന്നത് എന്ന് അറിയാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള പ്രദർശിനി ഓരോ ഇടത്തും ഉണ്ടാകണം എന്ന് പറയുന്നു, അഭിപ്രായങ്ങൾ നല്കുന്നു. ഈശ്വരന് നിർദ്ദേശം നല്കേണ്ടതേയില്ല. എന്നാൽ അഭിപ്രായം നല്കുന്ന ശീലം കിടക്കുകയാണ്. ബാക്കി സ്വയം ഇരുന്ന് മനസിലാക്കണം എന്നില്ല. ഇവിടെ ഒരു അഭിപ്രായവും നല്കേണ്ടതില്ല. ശ്രീമതം അനുസരിച്ച് നടക്കണം. ആദ്യം ബാബയുടേതാകണം. പിന്നെ

ബാബ ഏതൊരു ശ്രീമതമാണോ നൽകുന്നത് അത് മറ്റുള്ളവർക്ക് മനസിലാക്കി കൊടുക്കൂ. മറ്റുള്ളവർക്ക് മനസിലാക്കികൊടുക്കുമ്പോൾ അവർ എഴുതി തരും. എനിക്ക് ശ്രീമതം അനുസരിച്ച് നടക്കണം. അപ്പോഴറിയാം ശരിയായിട്ടാണ് മനസിലാക്കിയിരിക്കുന്നത്. വളരെയധികം പേർ വരുന്നുണ്ട് എന്നാൽ നല്ല രീതിയിൽ മനസിലാക്കുന്നില്ല. ജ്ഞാനത്തിന്റെ നിർദ്ദേശ പ്രകാരം നടക്കുന്നവരാകുന്നില്ല. ഇപ്പോൾ സർവ്വരും ഭക്തിയുടെ നിർദ്ദേശ പ്രകാരം നടക്കുന്നവരാണ്. ജപം, തപം, പഠനം തുടങ്ങി സർവ്വതും ഭക്തിക്കുവേണ്ടിയാണ് ചെയ്യുന്നത്. പകുതി കല്പമായി ഭഗവാനെ ലഭിക്കുന്നതിനായി നിങ്ങൾ ഭക്തി ചെയ്തു എന്ന് ഭഗവാൻ പറയുന്നു. സർവ്വരും ഭക്തന്മാർ ആണ്. ഭഗവാൻ ഒന്നു മാത്രമാണ്. ഒന്നിനെയാണ് പതീതപാവനൻ എന്ന് വിളിക്കുന്നത്. അപ്പോൾ സ്വയം സർവ്വരും പതീതരാണ്. ഇത് രാവണ*രാജ്യമാണ്. ഈ കല്പത്തിലെ സംഗമത്തിനാണ് മഹിമ*യുള്ളത്. കല്പത്തിലെ സംഗമ യുഗേ യുഗേ ബാബ വരുന്നു.

സത്യയുഗം മംഗളകാരി സ്വർഗമാണ്, കലിയുഗം അമംഗളകാരി നരകമാണ്. രാവണൻ അമംഗളകാരിയാണ്, രാമൻ മംഗളകാരിയാണ്. ഈ ജ്ഞാനം കുട്ടികളുടെ ബുദ്ധിയിൽ ഇറ്റുവീണുകൊണ്ടിരിക്കണം. പോയി പാവങ്ങളുടെ മംഗളം ചെയ്യണമെന്ന് വിചാരം വരണം. ചിലരിൽ ചില കുറവുകളുണ്ട്. അത്കൊണ്ട് അവരാൽ സർവ്വരും ബുദ്ധിമുട്ട് അനുഭവിക്കുന്നു. പറയുന്നു, ബാബാ ഇന്നയാളിൽ ഈ അവഗുണം ഉണ്ട് എന്ന്. വളരെ വാർത്തകൾ വരുന്നുണ്ട്. വാർത്തകൾ നല്കൂ എങ്കിൽ ശ്രദ്ധ ഉണർത്താം എന്ന് ബാബ പറഞ്ഞിട്ടുള്ളതാണ്. എന്തെങ്കിലും അവഗുണം ഉണ്ടെങ്കിൽ സേവനം കുറച്ചേ ചെയ്യൂ. ഇന്നത്തെ കാലത്ത് എഴുതാനും വായിക്കാനും അറിയാവുന്ന വിദ്വാന്മാരും പണ്ഡിതന്മാരും വളരെയുണ്ട്. അവർ വളരെ സമർത്ഥരാണ്. സമർത്ഥരല്ലാത്തവർ തല ചീത്തയാക്കും. അതുകൊണ്ട് സമർത്ഥരായ കുട്ടികളെ വിളിക്കുന്നു. ഇവർ എന്നേക്കാളും സമർത്ഥരാണ് എന്നറിയാം. പ്രദർശിനിയുടെ വാർത്തകൾ ബാബ ചോദിക്കാറുണ്ട്–ആരൊക്കെയാണ് നന്നായി സേവനം ചെയ്യുന്നത്. വളരെ സമർത്ഥന്മാരെ വേണം. നിങ്ങൾ ശാസ്ത്രങ്ങളൊക്കെ പഠിക്കുന്നുണ്ടോ എന്ന് ആരെങ്കിലും ചോദിച്ചാൽ പറയൂ– ഇതൊക്കെ ഞങ്ങൾക്കറിയാം, ഈ വേദശാസ്ത്രങ്ങൾ ജന്മജന്മാന്തരം സർവ്വരും പഠിച്ചിട്ടാണ് വന്നിരിക്കുന്നത്. ബാബയുടെ നിർദ്ദേശം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്, ഇനി ഇതൊന്നും പഠിക്കേണ്ട, ഞാനെന്താണോ കേൾപ്പിക്കുന്നത് അത് കേൾക്കൂ. എന്റെ മതം അനുസരിച്ച് നടക്കൂ, എന്നെ ഓർമ്മിക്കൂ, എങ്കിൽ വികർമങ്ങൾ വിനാശമാകും. ഇപ്പോൾ മരണം മുന്നിലുണ്ട്. നിങ്ങളെ കൂട്ടിക്കൊണ്ട് പോകാൻ ഞാൻ വന്നിരിക്കുകയാണ്. ഞാൻ നിങ്ങളുടെ അച്ഛനാണ്. നിങ്ങൾക്ക് മുക്തി – ജീവൻ മുക്തി നല്കും. ഓരോരുത്തർക്കും ഡ്രാമ അനുസരിച്ച് ആദ്യം മുക്തിയിലേക്ക് പോകണം. പിന്നെ ജീവൻ മുക്തിയിലേക്ക് സതോപ്രധാനത്തിലാണ് വരുന്നത്. അതുകൊണ്ടാണ് സർവ്വരുടെയും സദ്ഗതി ദാതാ, സർവ്വോദയ എന്ന് പറയുന്നത്. സർവ്വം എന്നതിൽ മുഴുവൻ ലോകവും വരുന്നു. സർവ്വം അർത്ഥം മുഴുവൻ ലോകത്തിന്റെയും അച്ഛൻ മനസിലാക്കിത്തരുന്നു. അവരെല്ലാവരും അൽപകാല പരിധിയുള്ള സേവനം ചെയ്യുന്നവരാണ്. പരിധിയില്ലാത്ത സർവോദയാ ലീഡർ ഒന്നു മാത്രമാണ്. മുഴുവൻ വിശ്വത്തിന്റെ മേൽ ദയ കാണിച്ച് പരിവർത്തനപ്പെടുത്തുന്നവനാണ്. ബാബ ഞങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കയാണെന്ന് നിങ്ങൾക്കറിയാം. സദാ ആരോഗ്യവാനും സമ്പന്നനുമാകും. എന്നാൽ ഇത്ര പോലും ആരുടെയും ബുദ്ധിയിൽ ഇരിക്കുന്നില്ല. രണ്ടക്ഷരമെങ്കിലും ഇരുന്നാൽ നല്ലത്. ഞങ്ങൾക്ക് സ്വർഗമാകുന്ന ആസ്തി ലഭിക്കണം, ലഭിച്ചിരുന്നു ഇപ്പോഴിതാ വീണ്ടും ലഭിച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ, ആസ്തിയെ ഓർമ്മിക്കൂ. ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ് പിന്നെ ഈ മന്ത്രം ഓരോരുത്തർക്കും നല്കൂ. ധർമ്മസ്ഥാപനയ്ക്കായി കഷ്ടപ്പെടേണ്ടതായി വരുന്നു. ഇപ്പോൾ ഈ നാടകം പൂർണ്ണമാവുകയാണ് എന്ന് ബുദ്ധിയിൽ ഉണ്ടാകണം. ബാക്കി കുറച്ച് സമയമേ ഉള്ളൂ. തന്റെ വീട്ടിലേക്ക് മടങ്ങണം. പിന്നെ നമ്മുടെ പാർട്ട് പുതിയതായി വീണ്ടും ആരംഭിക്കും. ഇത് ബുദ്ധിയിലുണ്ടെങ്കിൽ വളരെ നല്ലതാണ്. ശരി

മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും.

നിങ്ങൾ കുട്ടികളുടെ ഓരോ ചുവടിലും കോടികൾ അടങ്ങിയിട്ടുണ്ട്. വളരെ ബലവത്തായ സമ്പാദ്യമാണ്. സ്വയം ഭഗവാൻ സമ്പാദിക്കുവാനുള്ള നിർദ്ദേശം നൽകുന്നു. നിർദ്ദേശം അനുസരിച്ച് നടക്കുന്നതിലൂടെ സ്വർഗത്തിലേക്ക് എത്തിച്ചേരുന്നു. എന്നാൽ സ്വർഗത്തിലും ഉയർന്ന പദവി നേടണം. ഈ സമ്പാദ്യം നിശബ്ദമായി ചെയ്യേണ്ടതാണ്. കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യൂ എന്നാൽ ഹൃദയം പ്രിയതമന്റെയടുത്തായിരിക്കണം, അത്രേയുള്ളു വളരെ ഉന്നതിയുണ്ടാകുവാൻ. വളരെ ബലവത്തായ സമ്പാദ്യമാണ് ബാബയുടെ സേവനത്തിലിരിക്കുമ്പോൾ സ്വതവേ വളരെ സമ്പാദ്യമുണ്ടാകും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഇപ്പോൾ ഈ നാടകം പൂർണ്ണമാകുന്നു, നമുക്ക് തിരിച്ച് മുക്തിധാമത്തിലേക്ക് പോകണം. ഈ സന്തോഷത്തിലിരുന്ന് പഴയ ദേഹത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കണം.

2) ഓരേ ഒരു ബാബയുടെ മതമനുസരിച്ച് നടക്കണം. ബാബയ്ക്ക് തന്റെ മതം നൽകരുത്. നിശ്ചയബുദ്ധിയായി ബാബ നൽകുന്ന ശ്രീമതമനുസരിച്ച് നടന്നുകൊണ്ടിരിക്കണം.

## വരദാനം:- ഭിന്ന-ഭിന്ന സ്ഥിതികളുടെ ആസനത്തിൽ ഏകാഗ്രമായി ഇരിക്കുന്ന രാജയോഗി, സ്വരാജ്യ അധികാരിയായി ഭവിക്കൂ

രാജയോഗീ കുട്ടികൾക്ക് ഭിന്ന-ഭിന്ന സ്ഥിതികളുടെ ആസനങ്ങളുണ്ട്, ഇടക്ക് സ്വമാനത്തിന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ ഇടക്ക് ഫരിസ്താ സ്ഥിതിയിൽ, ഇടക്ക് ലൈറ്റ് ഹൗസ്, മൈറ്റ് ഹൗസ് സ്ഥിതിയിൽ ഇടക്ക് സ്നേഹ സ്വരൂപ ലൗലീന സ്ഥിതിയിൽ. ഏതുപോലെയാണോ ഹഠയോഗ ആസനങ്ങളിൽ ഏകാഗ്രമായിരിക്കുന്നത് അതുപോലെ താങ്കളും ഭിന്ന-ഭിന്ന സ്ഥിതിയുടെ ആസനത്തിൽ സ്ഥിതി ചെയ്ത് വൈവിധ്യങ്ങളായ സ്ഥിതികളുടെ അനുഭവം ചെയ്യൂ. എപ്പോൾ ആഗ്രഹിക്കുന്നോ മനസ്സിനും-ബുദ്ധിക്കും ആജ്ഞ നൽകൂ സങ്കൽപ്പിച്ച ഉടൻ തന്നെ ആ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ അപ്പോൾ പറയും രാജയോഗി സ്വരാജ്യ അധികാരി.

## സ്ലോഗൻ:- വിശ്വസ്തർ അവരാണ് ആരെയാണോ സങ്കൽപത്തിൽ പോലും ഒരു ദേഹധാരിയും ആകർഷിക്കാത്തത്.